LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലെ പ്രൊമോഷൻ

84 (4472) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള സോയിൽ ടെസ്റ്റിംഗ് ലാബിൽ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് 12-2-2021-ൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്കുള്ള പ്രമോഷനുമായിട്ട് എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം നിലവിലുണ്ടായിരുന്ന 1:1 റേഷ്യോ (അഗ്രികൾച്ചർ ഓഫീസർ: സീനിയർ സയന്റിഫിക് അസിസ്റ്റന്റ്) 10:1 എന്ന് ഭേദഗതി ചെയ്താണ് 12-2-2021-ലെ സ.ഉ(പി)3/2021/AGRI പ്രകാരം സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഇതിന്മേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടുള്ള പരാതികൾ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉണ്ട്; പരിശോധിച്ചുവരുന്നു.

കുളങ്ങളുടെ നവീകരണം

85 (4473) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം സോയിൽ കൺസർവേഷൻ വകുപ്പ് പാലക്കാട് ജില്ലയിൽ എത്ര കുളങ്ങളുടെ നവീകരണം നടത്തിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി 15.32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പാലക്കാട് ജില്ലയിലെ 56 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് 2016-ന് ശേഷം നടപ്പിലാക്കിയിട്ടുള്ളത്. കുളങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി നടപ്പിലാക്കാത്ത കുളങ്ങളുടെ നവീകരണ പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇത്തരത്തിൽ പ്രവൃത്തി നടപ്പിലാക്കാതിരിക്കുവാനുള്ള കാരണം വിശദീകരിക്കാമോ?

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് RIDF-XXV-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പട്ടാമ്പി മണ്ഡലത്തിലെ പെരിക്കാട്ടുകുളം, അറക്കുളം എന്നിവയുടെ നവീകരണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.